# പതിമൂന്നാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട**

ചോദ്യം നമ്പർ : 583 — 27-10-2011-ൽ മറുപടിയ്ക്ക്

### ആസൂത്രണബോർഡ് പുന:സംഘടിപ്പിക്കുന്നതിന് നടപടി

| ചോദ്യം. | ഉത്തരം. |
|---|---|
| ഡോ. കെ. ടി. ജലീൽ:<br>ശ്രീ. എം. എ. ബേബി:<br>" എം. ഹംസ:<br>" ബി. സത്യൻ: | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |
| (എ) ആസൂത്രണബോർഡ് പുന:സംഘടിപ്പിച്ചിട്ടുണ്ടോ; അംഗങ്ങൾ ആരൊക്കെയാണ്; | (എ) ഉണ്ട്. മുഖ്യമന്ത്രി ശ്രീ.ഉമ്മൻചാണ്ടി ചെയർമാനും മുൻ കാബിനറ്റ് സെക്രട്ടറി ശ്രീ.കെ.എം.ചന്ദ്രശേഖർ വൈസ് ചെയർമാനുമായ സംസ്ഥാന ആസൂത്രണ ബോർഡിൽ മന്ത്രിമാരായ ശ്രീ. കെ. എം. മാണി, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, ശ്രീ. കെ. സി. ജോസഫ്, ശ്രീ. കെ. പി. മോഹനൻ, ശ്രീ. ആര്യാടൻ മുഹമ്മദ് എന്നിവർ ഔദ്യോഗികാംഗങ്ങളും ശ്രീ. ഇ. ശ്രീധരൻ, ശ്രീ. തരുൺ ദാസ്, ശ്രീ. ജി. വിജയരാഘവൻ, ശ്രീ. സി. പി. ജോൺ എന്നിവർ അനൗദ്യോഗികാംഗങ്ങളും ശ്രീ. സുബ്രതാ ബിശ്വാസ് ഐ.എ.എസ്. മെമ്പർ സെക്രട്ടറിയുമാണ്. |
| (ബി) ആസൂത്രണബോർഡിന്റെ പ്രവർത്തനങ്ങളിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത്; ഇതിനായി എന്തെങ്കിലും ശുപാർശകൾ സമർപ്പിച്ചിട്ടുണ്ടോ; | (ബി) ആസൂത്രണബോർഡിന്റെ പ്രവർത്തനങ്ങളിലെ പരിഷ്കാരങ്ങളുമായി ബന്ധപ്പെട്ട് ശുപാർശകളൊന്നും സമർപ്പിച്ചിട്ടില്ല. |
| (സി) ബോർഡിലെ ഐ.ടി. കൺസൾട്ടന്റ് നിയമനവുമായി ബന്ധപ്പെട്ട് തൊഴിൽ വകുപ്പ് മന്ത്രിയിൽ നിന്നും ലഭിച്ച നിർദ്ദേശം എന്തായിരുന്നു; നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ ? | (സി) ബോർഡിലെ ഐ.ടി. കൺസൾട്ടന്റ് നിയമനവുമായി ബന്ധപ്പെട്ട് തൊഴിൽ വകുപ്പ് മന്ത്രിയിൽ നിന്നും നിർദ്ദേശമൊന്നും ലഭിച്ചിട്ടില്ല. എന്നാൽ ഇക്കാര്യത്തിൽ തൊഴിൽ വകുപ്പ് മന്ത്രിയുടെ ഒരു കത്ത് ആസൂത്രണ ബോർഡ് വൈസ് ചെയർമാന് ലഭിച്ചിരുന്നു. പ്രസ്തുത കത്തിന്മേൽ നടപടി ഒന്നും സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ